പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3006

20/06/2014 -ൽ
മറുപടിയ്ക്ക്

## മലയോര വികസന അതോറിറ്റി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.പി.എ.മാധവൻ | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മലയോര വികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ യെന്ന് വിശദമാക്കുമോ; | (എ) 1955-ലെ തിരുവിതാംകൂർ, കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ നിയമം അനുസരിച്ച് 2012 മെയ്മാസം 28-ാം തീയതി മുതൽ 14.11.2011-ലെ സ.ഉ (എം.എസ്) 60/11/പ്ലാനിംഗ് എന്ന ഉത്തരവു പ്രകാരം മലയോര വികസന ഏജൻസി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) മലയോര പ്രദേശങ്ങളിലെ പ്രത്യേക പ്രശ്നങ്ങൾ കണ്ടെത്തുകയും നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വെസ്റ്റേൺ ഗട്ട് സെൽ, അഹാഡ്സ്, മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ പരിഹാരങ്ങൾ കണ്ടെത്തുകയുമാണ് ലക്ഷ്യം. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ അടിസ്ഥാന ആവശ്യങ്ങളായ റോഡുകളുടെയും, പാലങ്ങളുടെയും, നടപ്പാതകളുടെയും നിർമ്മാണം, കുടിവെള്ള പദ്ധതികൾ, ജലസേചന പദ്ധതികൾ, ജലസംരക്ഷണ പ്രവർത്തികൾ, മണ്ണു സംരക്ഷണ പ്രവർത്തികൾ തുടങ്ങിയവയും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. |

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് അതോറിറ്റിയിൽ നിക്ഷിപ്തമായിട്ടു ളളതെന്ന് വിശദമാക്കുമോ;

(സി) മലയോര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, കുടി വെളള പദ്ധതികൾ ആരംഭിക്കൽ, കൃഷി വികസന പ്രവർത്തനങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ എന്നീ പ്രവർത്തനങ്ങൾ മലയോര വികസന ഏജൻസിയിൽ നിക്ഷിപ്തമാണ്.

(ഡി) മലയോര വികസന അതോറിറ്റി എന്തെല്ലാം പ്രവർത്തനങ്ങൾ ആരംഭി ച്ചിട്ടുണ്ട്; വിശദാംശങ്ങൾ നല്കുമോ?

(ഡി) പരിസ്ഥിതി സൗഹൃദ ചെറുകിട കുടി വെളള പദ്ധതികൾ, ചെറു അരുവി കളിൽ ചെക്കുഡാം നിർമ്മാണം, റോഡ് പുനരുദ്ധാരണ പ്രവർത്തികൾ, പഴം, പച്ചക്കറി വികസന പദ്ധതി, സ്വയംസഹായ സംഘങ്ങൾക്ക് തൊഴി ൽദാന പരിപാടി എന്നിവയാണ് നില വിൽ മലയോര വികസന ഏജൻസിക്ക് അനുവദിച്ചിട്ടുളളത്.

Bijumon

സെക്ഷൻ ഓഫീസർ